# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4632 26.10.2016 ന് മറുപടിയ്ക്ക്.

## ഊരിനുണർവ് കാടിനുണർവ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി 'ഊരിനുണർവ് കാടിനുണർവ്' എന്ന പേരിൽ ഒരു പദ്ധതി വനം വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുണ്ടോ; എത്ര രൂപ ഇതിന് വേണ്ടി നീക്കിവെച്ചു; വിശദമാക്കാമോ; | **(എ)** ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി 'ഊരിനുണർവ് കാടിനുണർവ്' എന്ന പദ്ധതി വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 85 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയത്; വ്യക്തമാക്കാമോ; | **(ബി)** പ്രസ്തുത പദ്ധതിയിലൂടെ സോളാർ എനർജി ഉപയോഗിച്ചുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പച്ചക്കറി വിത്ത് വിതരണം, കോളനി റോഡ് നവീകരണം, ശൗചാലയ നിർമ്മാണം, കുടിവെള്ള പദ്ധതി, അംഗൻവാടി നിർമ്മാണം, സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം, മുള ഉപയോഗിച്ച് കുട്ട, പനമ്പ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) പദ്ധതി തിരിച്ചും ജില്ല തിരിച്ചും ഇതിലേക്കായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ? | **(സി)** 'ഊരിനുണർവ് കാടിനുണർവ്' പദ്ധതിയ്ക്കായി 85 ലക്ഷം രൂപ വനം വകുപ്പിലെ 8 സർക്കിളുകൾക്കായി അനുവദിച്ച നല്കിയിട്ടുണ്ട്. കൊല്ലം, തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകൾ ഇതിൽ ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 17.40 ലക്ഷം |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 17.40 ലക്ഷം |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 5.00 ലക്ഷം |

| | |
|---|---|
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 9.60 ലക്ഷം |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 22.40 ലക്ഷം |
| വൈൽഡ് ലൈഫ്, നോർത്തേൺ റീജിയൻ, പാലക്കാട് | 7.20 ലക്ഷം |
| ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം | 2.40 ലക്ഷം |
| എ.ബി.പി. സർക്കിൾ, തിരുവനന്തപുരം | 3.60 ലക്ഷം |
| **ആകെ** | **85 ലക്ഷം** |

സെക്ഷൻ ഓഫീസർ.